പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2897 — 2.04.2013 ലെ മറുപടിയ്ക്ക്

ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ

| ചോദ്യം<br>ശ്രീ.വി.ശിവൻകുട്ടി | മറുപടി<br>ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ വന്നതിനുശേഷം ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ വിജിലൻസ് അന്വേഷണങ്ങൾ എത്ര; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് 6 വിജിലൻസ് അന്വേഷണങ്ങളും ഒരു സത്വരാന്വേഷണവും നടത്തിയിട്ടുണ്ട്. |
| ബി) അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ബി) 1) അമിത സ്വത്ത് സമ്പാദിച്ചതിനെ കുറിച്ച് കോട്ടയം ജില്ലാ സപ്ളൈ ഓഫീസർ ശ്രീമതി.എസ്.ശ്രീലതയ്ക്ക് എതിരെ വി.ഇ.11/12/എസ്.സി.ഇ. ആയി ഒരു വിജിലൻസ് അന്വേഷണം നടന്നു വരുന്നു.അന്വേഷണം പുരോഗമിയ്ക്കുന്നു.<br><br>2) ആറ്റിങ്ങൾ സപ്ളൈ ഡിപ്പോയിൽ **M/s.**ബി.എസ്.ജി.ട്രേഡേഴ്സ് സപ്ളൈ ചെയ്ത മുളകിൽ ഗുണനിലവാരമില്ല എന്ന് റിപ്പോർട്ട് ചെയ്തത് സപ്ളൈകോ മാനേജർക്ക് അവർ ആവശ്യപ്പെട്ട കൈക്കൂലി കൊടുക്കാത്തതിനാലാണെന്നുള്ള ആരോപണത്തിൽ വി.ഇ.9/2011/ എസ്.ഐ.യു.I ആയി ഒരു വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. അന്വേഷണം പുരോഗമിച്ച് വരുന്നു.<br><br>3) ചിറയിൻകീഴ് താലൂക്ക് സപ്ളൈ ഓഫീസിലെ ലോവർ ഡിവിഷൻ ക്ളാർക്ക്ശ്രീ,നസറുദ്ദീൻ, ശ്രീ.റ്റി.എ.ജോണി, അസിസ്റ്റന്റ് താലൂക്ക് സപ്ളൈ ഓഫീസർ, ശ്രീ.റ്റി.സതീഷ്, ലോവർ ഡിവിഷൻ ക്ളാർക്ക് എന്നിവർ വ്യാജ നോൺ ഇൻക്ളൂഷൻ |

സർട്ടിഫിക്കറ്റ് വിതരണം ചെയ്തു എന്ന ആരോപണത്തിൽ വി.ഇ.17/11/ എസ്.ആർ.റ്റി. ആയി ഒരു വിജിലൻസ് അന്വേഷണം നടത്തി, വിജിലൻസ് ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിലെ വിജിലൻസ് വകുപ്പിന്റെ പരിഗണനയിലാണ്.

4) ശ്രീമതി ലീലാമ്മ.കെ.ജോർജ് എന്ന റേഷനിംഗ് ഇൻസ്പെക്ടർ റേഷൻ ഡീലർമാരിൽ നിന്നും കൈക്കൂലി വാങ്ങുന്നതായുള്ള ആരോപണത്തിൽ വി.ഇ.8/11/ഐഡികെ ആയി ഒരു വിജലൻസ് അന്വേഷണം നടത്തി വിജിലൻസ് ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി കേസ് വിജിലൻസ് ട്രിബ്യൂണലിന് റഫർ ചെയ്യുന്ന വിഷയം സർക്കാരിലെ വിജിലൻസ്വകുപ്പിന്റെ പരിഗണനയിലാണ്.

5) സപ്ലൈകോ ഓഫീസിലെ താൽക്കാലിക ജീവനക്കാരനായ ശ്രീ.സതീഷ്ചന്ദ്രനെ നടപടിക്രമങ്ങൾ പാലിക്കാതെ എച്ച്.ആർ.ഡി അസിസ്റ്റന്റ് മാനേജർ തസ്തികയിൽ നിയമിച്ചു, ടിയാൻ സാമ്പത്തിക തിരിമറികളും അമിതസ്വത്ത് സമ്പാദനവും നടത്തി എന്ന ആരോപണത്തിൽ വി.ഇ.3/12/സി.ആർ.ഇ. ആയി ഒരു വിജിലൻസ് അന്വേഷണം നടക്കുന്നു. അന്വേഷണം പുരോഗമിച്ചു വരുന്നു.

6) തൃശ്ശൂർ ജില്ലയിലെ അയ്യർ ആന്റ് സൺസിന്റെ മണ്ണെണ്ണ മൊത്ത വിതരണ ലൈസൻസ് റദ്ദു ചെയ്തു എന്ന ആരോപണത്തിൽ വി.ഇ.08/11/ റ്റി.എസ്.ആർ. ആയി ഒരു വിജിലൻസ് അന്വേഷണം നടത്തി വിജിലൻസ് ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിലെ വിജിലൻസ് വകുപ്പിന്റെ പരിഗണന യിലാണ്.

| | |
|---|---|
| | 7)റേഷൻ ഡീലേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ.ബേബിച്ചൻ മുക്കാടൻ, സിവിൽ സപ്ലൈസ് വകുപ്പിലെ അഴിമതി സബന്ധിച്ച് സമർപ്പിച്ച സി.എം.പി. 800/2012 എന്ന പരാതിയിന്മേൽ ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് തൃശ്ശൂരിന്റെ 10/1/2013 ലെ ഉത്തരവ് പ്രകാരം ഒരു സത്വരാന്വേഷണം ക്യൂ.വി.2/2013/സി.ആർ.ഇ. ആയി നടക്കുന്നുണ്ട്. ടി അന്വേഷണം പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ